**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3257** **04-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ നൽകി വരുന്ന കോവിഡ് വാക്സിനുകളുടെ പേര് വ്യക്തമാക്കാമോ; | (എ) | സീറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ നിർമ്മിച്ച കോവിഷീൽഡ്, ഭാരത് ബയോടെക് നിർമ്മിച്ച കോവാക്സിൻ എന്നിവ സംസ്ഥാനത്ത് നിലവിൽ പൊതു/ സ്വകാര്യ മേഖലകളിൽ ലഭ്യമാണ്. റഷ്യയിലെ ഗമേലയ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡെമിയോളജി & മൈക്രോബയോളജി നിർമ്മിച്ചതും ഡോ.റെഡ്ഡിസ് ഇറക്കുമതി ചെയ്തതുമായ സ്പുട്നിക് - വി, സ്വകാര്യ മേഖലയിൽ മാത്രം ലഭ്യമായ വാക്സിനാണ്. |
| (ബി) | വാക്സിൻ ഡോസുകൾ അനുവദിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള മാനദണ്ഡങ്ങളും അനുപാതവും വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് ലഭിക്കുന്ന വാക്സിൻ ജില്ലകളിലേയ്ക്ക് വിതരണം ചെയ്യുന്നത് ജില്ലകളിലെ ജനസംഖ്യ, ജില്ലകളിലെ വാക്സിന്റെ ഉപയോഗം, ജില്ലയിലെ നിലവിലുള്ള വാക്സിന്റെ സ്റ്റോക്ക് എന്നിവയെ അടിസ്ഥാനമാക്കിയാണ്. |
| (സി) | തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ അർഹതയ്ക്കനുസരിച്ച് വാക്സിൻ ഡോസുകൾ ലഭിയ്ക്കാതിരിക്കുന്നത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | ഇത് സംബന്ധിച്ച ഒറ്റപ്പെട്ട റിപ്പോർട്ടുകൾ/ പരാതികൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഫീൽഡ് തലത്തിൽ വാക്സിനേഷൻ സെഷനുകൾ ആസൂത്രണം ചെയ്യുന്നതും നടത്തുന്നതും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടു കൂടിയാണ്. ഡിജിറ്റൽ ആക്സസ് ഇല്ലാത്ത ഗുണഭോക്താക്കൾ ഉൾപ്പെടെയുള്ളവരുടെ രജിസ്ട്രേഷനും വിവര സമാഹരണത്തിനും തദ്ദേശസ്വയംഭരണ വകുപ്പ് വഴി സൗകര്യമൊരുക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും എത്രയും പെട്ടെന്ന് വാക്സിനേഷൻ നൽകുന്നതിനായി കൂടുതൽ വാക്സിൻ ലഭ്യമാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടുന്നുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും വാക്സിൻ ലഭ്യമാകുന്ന മുറയ്ക്ക് വാക്സിൻ ജനങ്ങൾക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ